## സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നം. ഇ5-21/13

തിരുവനന്തപുരം,
തീയതി: 28.01.2013.

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ.A. നാരായണൻ, പ്രോഗ്രാം ഓഫീസർ, ജില്ലാതല ICDS സെൽ, കാസർഗോഡ് - ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

കാസർഗോഡ് ജില്ലാ സാമൂഹ്യ നീതി ഓഫീസറായ ശ്രീ. K. പ്രദീപ് കുമാർ അനധികൃതമായി ജോലിക്ക് ഹാജരാകാത്ത കാരണത്താൽ സാമ്പത്തിക വർഷം അവസാനിക്കാൻ മാസങ്ങൾ മാത്രം ശേഷിക്കെ വകുപ്പിൽ സമയബന്ധിതമായി ചെയ്തു തീർക്കേണ്ട പല ജോലികളും തടസ്സപ്പെട്ടിരിക്കുകയാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ, കാസർഗോഡ് ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ അധിക ചുമതല, കാസർഗോഡ് ജില്ലാതല ICDS സെൽ പ്രോഗ്രാം ഓഫീസറായ ശ്രീ. A. നാരായണന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. A. നാരായണൻ, ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ അധിക ചുമതല ഉടൻ പ്രാബല്യത്തിൽ ഏറ്റെടുക്കേണ്ടതും, പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
സാമൂഹ്യ നീതി ഡയറക്ടർ

ശ്രീ. A. നാരായണൻ,
പ്രോഗ്രാ ഓഫീസർ,
ജില്ലാതല ICDS സെൽ,
കാസർഗോഡ്.

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ.
2. ഗവൺമെന്റ് സെക്രട്ടറി.
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്